പട്ടയം അനുവദിച്ചിരുന്നു. രണ്ടാംഘട്ടമായി ഇടുക്കി ജില്ലയിലും പത്തനംതിട്ട ജില്ലയിലും പട്ടയം നൽകിയിട്ടുണ്ട്. ഇപ്രകാരം ആകെ 43437 പട്ടയങ്ങൾ നാളിതുവരെ നൽകിക്കഴിഞ്ഞു. മുഴുവൻ ഗുണഭോക്താക്കൾക്കും ഭൂമി നൽകാനാണ് സർക്കാർ ഉദ്ദേശിച്ചിട്ടുള്ളത്. അതിനുള്ള പ്രവർത്തനം നടന്നുവരികയാണ്. അതോടൊപ്പം ഇടുക്കി, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകൾ ഭൂരഹിതരില്ലാത്ത ജില്ലകളായി പ്രഖ്യാപിച്ചിട്ടുമുണ്ട്.

(ബി) വീടുവയ്ക്കാൻ അനുയോജ്യമായതും പതിച്ചുനൽകാൻ കഴിയുന്നതുമായ ഭൂമി ലഭിക്കുന്നതനുസരിച്ച് വിവിധ ഘട്ടങ്ങളായിട്ടാണ് പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുള്ളത്. പദ്ധതി പ്രകാരം ലഭ്യമായ അപേക്ഷകളും തെരഞ്ഞെടുത്ത ഗുണഭോക്താക്കളുടെ എണ്ണവും വിതരണം ചെയ്ത പട്ടയങ്ങളും അനുബന്ധമായി ചേർത്തിട്ടുണ്ട്.*

കാലവർഷക്കെടുതിമൂലം ഉണ്ടായിട്ടുള്ള നാശനഷ്ടങ്ങളുടെ കണക്ക്

93 (2716) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011 മുതൽ 2016 വരെയുള്ള കാലയളവിൽ കാലവർഷക്കെടുതിമൂലം ഉണ്ടായിട്ടുള്ള നാശനഷ്ടങ്ങളുടെ കണക്ക് വർഷാടിസ്ഥാനത്തിൽ ജില്ല തിരിച്ച് ലഭ്യമാക്കാമോ;

(ബി) ഇതിലേക്കായി ഓരോ വർഷത്തിലും എന്ത് തുകയുള്ള കേന്ദ്ര സഹായത്തിനാണ് ആവശ്യമുന്നയിച്ചിരുന്നത്; കേന്ദ്രത്തിൽ നിന്നും അനുവദിച്ച തുകയെത്ര;

(സി) ഓരോ വർഷത്തിലും ഈ ഇനത്തിൽ സംസ്ഥാന സർക്കാർ ചെലവഴിച്ച തുക എത്ര;

(ഡി) കാലവർഷക്കെടുതിമൂലം മരണമടഞ്ഞവരുടെ ആശ്രിതർക്കും മറ്റ് നാശനഷ്ടങ്ങൾ സംഭവിച്ചവർക്കുമുള്ള നഷ്ടപരിഹാരം നൽകാൻ കടിശ്ശികയുണ്ടോ; വിശദമാക്കാമോ;

(ഇ) പ്രകൃതി ദുരന്തത്തിന് ഇരയായവർക്ക് സർക്കാർ പ്രഖ്യാപിച്ച സഹായധനം നൽകാൻ ബാക്കിയുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ-ഇ) വിവരം ശേഖരിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly